

# ഇമേജ് സാത്താന്റെ രാസായുധം

**വിധേയൻ**

“അവൻ ഇളംചെടിപോലെയും വരണ്ട നിലത്തുനിന്നുള്ള വേരുപോലെയും അവന്റെ മുമ്പാകെ വളരും; അവനെ നോക്കുവാൻ തക്ക രൂപഗുണമോ കോമളത്വമോ ഇല്ല; ആഗ്രഹിക്കുവാൻ തക്ക സൗന്ദര്യം അവനില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ത്യജിക്കപ്പെടുകയും ചെയ്തു; അവൻ വ്യസനപാത്രമായും രോഗം ശീലിച്ചവനുമായിരിക്കുന്നു; അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരിക്കുന്നു; നാം അവനെ ആദരിച്ചതുമില്ല” (യെശയ്യാവ് 53:2-3).

ഇമേജ് എന്ന ഇംഗ്ലീഷ് വാക്ക് അതേ ആശയനിറവോടെ മലയാളത്തിലെത്തിക്കുക അത്ര എളുപ്പമല്ല. തത്സ്വരൂപമെന്നോ പ്രതിച്ഛായയെന്നോ പറഞ്ഞുവെക്കാമെന്നല്ലാതെ ഇമേജിന്റെ അതേ പൂർണത കൈവരുന്നില്ല.

എന്താണ് ഈ ഇമേജ്? നാം നമ്മെക്കുറിച്ച് ഭാവനകണ്ടുണ്ടാക്കുന്നതാണ് ഇമേജ്. അതിനായി സംസാരിക്കുന്നു, പ്രവർത്തിക്കുന്നു, പ്രസംഗിക്കുന്നു, കൊടുക്കുന്നു. നമ്മുടെ ഭാവനയിലെ ഇമേജ് എപ്പോഴും മറ്റുള്ളവരുടേതിനേക്കാൾ നല്ലതും, വലുതും, ഉന്നതവും, ആത്മീയവും ആയിരിക്കും. ഭാവനാലോകത്ത് നാം നമ്മെ കാണുന്ന ഔന്നിത്യമാർന്ന ചിത്രം.

ഇമേജ് വളരെ വേഗത്തിൽ നഷ്ടപ്പെടാവുന്നതാണ്. അതൊരു ഭാവന മാത്രമാണല്ലോ. നാം സൃഷ്ടിക്കുന്ന ഇമേജ് എത്ര ഉയർന്നതായിരുന്നാലും അതു ഭാവനാലോകത്തിൽ മറ്റൊരാൾ കാണുന്നത് അതേ ഉയരത്തിലായിരിക്കണമെന്നില്ല; പ്രത്യേകിച്ച് അയാൾ നമ്മുടെ ശത്രുവോ നമ്മോട് അസൂയ നിറഞ്ഞവനോ ആണെങ്കിൽ. അയാൾക്കും അയാളുടെ ഭാവനാലോകത്തു സ്വാതന്ത്ര്യമുണ്ട്. എത്രയധികം നമ്മെ നാം ഉയർത്തിയാലും അതു തകർത്തുകളയാൻ അയാൾക്കൊന്നു ഭാവനകണ്ടാൽ മതി. തന്നെക്കുറിച്ചുള്ള മഹിമയാർന്ന കാര്യങ്ങൾ സവിസ്തരം പ്രസ്താവിച്ചപ്പോൾ പറഞ്ഞയാൾ ചിന്തിച്ചത് കേട്ടയാളുടെ ഉള്ളിൽ താനൊരു വീരപുരുഷനായെന്നാണ്. എന്നാൽ, സത്യത്തിൽ കേട്ടയാൾ ഉള്ളിൽ പറഞ്ഞത് അല്പൻ എന്നു മാത്രമാണ്. ഇത്രയേ ഉള്ളൂ ഇമേജിന്റെ നിലനിൽപ്പ്. ഒരു സ്ത്രീ ഗംഭീരമായി ഒരുങ്ങി നാലുവയസ്സുള്ള മകനുമായി വഴിയിലൂടെ നടന്നുപോകുമ്പോൾ, താൻ പറയുന്ന ഇംഗ്ലീഷും ധരിച്ചിരിക്കുന്ന വിലകൂടിയ വസ്ത്രവും തനിക്കു നൽകിയ ഇമേജിന് ആകാശപ്പൊക്കമുണ്ടായിരുന്നു. പെട്ടെന്ന് അമ്മയുടെ കൈതട്ടിമാറ്റി നാലുവയസ്സുകാരൻ ഓടിച്ചെന്നു വഴിയരികിലെ ചവറുകൂനയിലെ കളിപ്പാട്ടം എടുത്ത് ആ സ്ത്രീയുടെ ഇമേജിനെ ഭൂമിപിളർന്ന് വിഴുങ്ങിക്കളഞ്ഞു.

ഭാവനാലോകത്തെ ഇമേജ് പണിക്കുള്ള അസംസ്കൃതവസ്തുക്കളാണു സ്വയം കാണുന്ന ഭാവനയും മറ്റുള്ളവർ നമ്മെക്കുറിച്ച് പറഞ്ഞുതരുന്ന, അവർ നമ്മെക്കുറിച്ച് കാണുന്ന ഭാവനയും. അതിജീവനസമരത്തിൽ എല്ലാവരും ഒരുപോലെ മുന്നിലോ ഉയരത്തിലോ എത്തുന്നില്ല. പിന്നെയൊരു എളുപ്പമാർഗം ഭാവനകാണുകയെന്നതേയുള്ളൂ. അവിടെ എതിരാളികളില്ല, ഉണ്ടെങ്കിൽ തന്നെ ഭാവനയുടെ കടിഞ്ഞാൺ ഭാവനകാണുന്നവന്റെ കൈയിലായതുകൊണ്ട് എതിരാളിയെ തോൽപ്പിക്കാനോ കശക്കിയെറിയാനോ വളരെ എളുപ്പം.

ഭാവനയുടെ പത്തായപ്പുരകൾ നിറയെ മെഡലുകളാണ്, ഏറ്റവും നല്ല മനുഷ്യനും പ്രസംഗകനും പാട്ടുകാരനും തുടങ്ങി എല്ലാ നല്ല വിശേഷണങ്ങളും എല്ലാവരും കൈയാളുകയാണ്.

നാം കാണുന്ന ദിവാസ്വപ്നങ്ങൾ നിരുപദ്രവകാരിയെന്നു ചിന്തിക്കുമ്പോൾത്തന്നെ മാരകമാണു അതിന്റെ നശീകരണശക്തി. മത്സരയോട്ടവും മഹായുദ്ധങ്ങളും വാക്ക്പയറ്റുകളുമെല്ലാം ഈ നിരുപദ്രവകാരിയുടെ സന്താനങ്ങളാണ്.

മറ്റുള്ളവർ നമ്മിൽ ചെലുത്തുന്ന സ്വാധീനം ഇമേജു പണിക്ക് വളരെയധികം ഉപയോഗിക്കുന്നുണ്ട്. അവർ നമ്മെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകളെ അപ്പാടെ വിഴുങ്ങി, അവർക്കു സദ്യയും നൽകി. അടുത്ത ദിവസം നമ്മെക്കുറിച്ച് അവർ പറഞ്ഞതു വിമർശനമാണെങ്കിൽ അവരത് അസൂയയിൽ നിന്നും പറഞ്ഞതാണെന്നു വിധിയെഴുതും.

ചെറിയപ്രായത്തിലേ നാം കുട്ടികളെ പഠിപ്പിച്ചു മറ്റുള്ളവർ തുഴയുന്ന യാനത്തിൽ യാത്രപോകാൻ. കുഞ്ഞുമനസ്സിൽ സമ്മാനങ്ങളും അഭിനന്ദനങ്ങളും കൈയടികളും വാരിക്കോരിക്കൊടുത്തപ്പോൾ നാമറിഞ്ഞില്ല അതവരെ പരാന്നഭുക്കുകളാക്കുമെന്ന്. ഇപ്പോൾ ഒരടി ചലിക്കണമെങ്കിൽ കൈയടി വേണം. കൈയടിക്കാനാളില്ലാത്തിടത്ത് ചലിക്കാനറിയില്ല. പാടിക്കഴിഞ്ഞാൽ ചെയ്തുകഴിഞ്ഞാൽ ജയിച്ചുകഴിഞ്ഞാൽ കുഞ്ഞിനറിയാം ഇപ്പോൾ കൈയടി വരുമെന്ന്. വന്നുവന്ന് എന്തുചെയ്താലും ചെയ്യുന്നത് കൈയടിക്കുവേണ്ടി മാത്രമെന്ന നിലയിലെത്തി. സണ്ടേസ്കൂളിൽ കുട്ടി ദൈവസ്തുതിഗീതം പാടിയതെന്തിനാണ്? ആയിരം വാക്യങ്ങൾ മനഃപാഠമാക്കിയതോ? എല്ലാറ്റിന്റേയും ഉത്തരം രണ്ടു കൈപ്പത്തികൾ കൂട്ടിമുട്ടിക്കുമ്പോഴുണ്ടാകുന്ന ശബ്ദത്തിനുവേണ്ടി മാത്രം!

നാം അനുഗ്രഹിച്ച് അധ്വാനിച്ച് വാങ്ങുന്ന കൈയടികൾക്കു യേശുനാഥൻ വിലകല്പിക്കുന്നതേ ഇല്ല. “എല്ലാവരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ നിങ്ങൾക്കു ഹാ, കഷ്ടം! അവരുടെ പൂർവപിതാക്കന്മാരും കള്ളപ്രവാചകരോട് അങ്ങനെതന്നെ ചെയ്തിട്ടുണ്ടല്ലോ” (ലൂക്കൊസ് 6:26).

നമ്മെക്കുറിച്ച് മറ്റുള്ളവർ പറയുന്ന നന്മ നിറഞ്ഞ വാക്കുകളിൽ നേരില്ലെങ്കിലും അത് അങ്ങനെയാണെന്നു വിശ്വസിക്കാനാണു താൽപര്യം. പറഞ്ഞവൻ കുറച്ചേ പറഞ്ഞുള്ളുവെങ്കിലും അതിനോടുചേർത്തുകെട്ടി നാം കണ്ട ഭാവന എടുത്താൽ പൊങ്ങാത്തതാണ്.

സദൃശ്യവാക്യക്കാരനു നന്നായറിയാം സ്തുതിപാഠകരുടെ തട്ടിപ്പുവേലകൾ. അദ്ദേഹം പറഞ്ഞു: “വ്യാജംപറയുന്ന നാവ് അതിനിരയായവനെ ദ്വേഷിക്കുന്നു; മുഖസ്തുതി പറയുന്ന നാവ് നാശം വരുത്തുന്നു...” (26:28).

ഇമേജിന്റെ ലോകത്ത് വിഹരിക്കുന്ന ഒരാൾക്ക് ഒരിക്കലും എന്താണെന്നറിയാൻ കഴിയാത്ത ഒന്നാണു സമാധാനം. പൊട്ടിത്തെറിക്കുന്ന കുഴിബോംബുകൾ, ചീറിപ്പായുന്ന മിസൈലുകൾ, വെടിയുടെ ഭയപ്പെടുത്തുന്ന ശബ്ദം. ആ രണഭൂമിയിൽ ആർക്കാണ് ഉറങ്ങാൻ കഴിയുക. ഉണ്ടാക്കിയെടുത്ത ഇമേജ് നഷ്ടപ്പെട്ടുപോകുമോ എന്ന ഭയം! നഷ്ടപ്പെടുത്താനായി കടന്നുവരാനിടയുള്ളവരോടും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നവരോടുമുള്ള ശത്രുത. സാത്താന് ആവശ്യമുള്ളതെല്ലാം സമൃദ്ധിയായി ആ ഹൃദയത്തിലും മനസ്സിലുമുണ്ട്.

**തന്റെ ഇമേജ് തകർന്നടിഞ്ഞു കിടക്കുന്നതിനിടയിൽ കിടന്ന് ശൗൽ ഒരു വിഷാദഗാനം പാടി: 'അവർ ദാവീദിനു പതിനായിരം കൊടുത്തു; എനിക്ക് ആയിരമേ തന്നുള്ളൂ'; എത്ര ലജ്ജാകരം!**

ആദ്യം കൈകൂപ്പി ദൈന്യതയോടെ കേഴും: മക്കളേ, അപ്പനുണ്ടാക്കിയെടുത്ത ഇമേജാണ്; കളയല്ലേ! ഭയപ്പെട്ടതുപോലെ സംഭവിച്ചുകഴിഞ്ഞാൽ പിന്നെ രൗദ്രഭാവത്തിലായി, “ഇനി ഞാനെങ്ങനെ തല ഉയർത്തി നടക്കും. എന്റെ ഇമേജെല്ലാം കളഞ്ഞുകുളിച്ചില്ലേ” എന്നു പറയും. ഒരു കൊച്ചുക്കുട്ടിക്കുപോലും ഒരു നിമിഷംകൊണ്ട് തകർത്തെറിയാം വർഷങ്ങളുടെ അധ്വാനം (അഭിനയം) കൊണ്ട് ഉണ്ടാക്കിയെടുത്ത മറ്റൊരാളുടെ ഇമേജ്.

എന്നാൽ സത്യത്തിൽ എന്താണ് നമ്മുടെ ഇമേജ്? അതറിയാനും കാണാനും അല്പം മനക്കട്ടി വേണം, വെളിച്ചം വേണം. അതു സത്യമാണ്, അറിയേണ്ടതാണ്, എന്നും ഓർത്തിരിക്കേണ്ടതും തലമുറകൾക്കു പറഞ്ഞുകൊടുക്കേണ്ടതുമാണ്. അതിങ്ങനെയാണ്:

“നീതിമാൻ ആരുമില്ല; ഒരുവൻ പോലുമില്ല. ഗ്രഹിക്കുന്നവനില്ല, ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുവൻ പോലുമില്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴിയാകുന്നു; നാവുകൊണ്ട്, അവർ ചതിക്കുന്നു; സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ട്. അവരുടെ വായിൽ ശാപവും കയ്പും നിറഞ്ഞിരിക്കുന്നു. അവരുടെ കാലുകൾ രക്തം ചൊരിയുവാൻ തിടുക്കം കാട്ടുന്നു. നാശവും ദുരിതവും അവരുടെ വഴിയിൽ ഉണ്ട്. സമാധാനമാർഗം അവർ അറിഞ്ഞിട്ടില്ല. അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല (റോമർ 3:10-18).

ആദാമ്യരക്തം പേറുന്ന ഏതൊരു വ്യക്തിയുടെയും ഇമേജ് ഇതാണ്. അതിൽ പിന്നെ ഒരു കൈക്രിയയും സാധ്യമല്ല. സംസ്കാരംകൊണ്ടും ആത്മീയതയെന്നു തെറ്റിദ്ധരിക്കുന്ന മതഭക്തികൊണ്ടും അഭിനയം കൊണ്ടും കുറെയൊക്കെ തനിസ്വരൂപം മറച്ചുപിടിക്കാമെന്നേയുള്ളൂ. അതും മനുഷ്യരുടെ മുൻപിൽ മാത്രം! ദൈവത്തിന്റെ മുൻപിൽ ഉപായങ്ങൾക്കുണ്ടോ നിലനിൽപ്പ്? യഥാർഥ ഇമേജ് കാണേണ്ടിവന്ന പൗലൊസ് തന്നെ വിളിക്കുന്നത്, 'അരിഷ്ടമനുഷ്യൻ' എന്നാണ്. അയ്യംവിളിച്ചുകൊണ്ടാണ് ആ കാഴ്ച കണ്ടത്. അത്ര വൈകൃതവും തിന്മ നിറഞ്ഞതുമാണ് അത്. പാപവിത്തുല്പാദിപ്പിക്കുന്ന ആ ഇമേജ് കാണാൻ ദൈവികവെളിപ്പാട് വേണം. ഉള്ളിൽ അല്പമെങ്കിലും നേരുണ്ടെങ്കിൽ ആ കാഴ്ച ഒരുവനെ അനുതാപത്തിലേക്കും കരുണായാചനയിലേക്കും നടത്തും. ക്രിസ്തുവിന്റെ പാദത്തിൽ അവൻ കണ്ണീർ വാർക്കും. അവിടെയാണു പുതുജന്മം. ആ പഴയ ചെളിപുരണ്ട ഇമേജ് അവിടെ കത്തിച്ചാമ്പലാകുന്നു. സ്വാതന്ത്ര്യവും ആനന്ദവും അനുഭവിക്കുന്നു. അപ്പോഴാണ് ഒരു പുതിയ ഇമേജ് ആ വ്യക്തിയിൽ വന്നിറങ്ങുന്നത്. തീർത്തും ദൈവത്തിന്റെ ദാനമായ ഉത്തമമായ ഒരു ഇമേജ്. ദൈവത്തിന്റെ മക്കൾ എന്ന ഇമേജിനു ദൈവത്തിന്റെ അതേ ഛായയാണ്.

ആ ഇമേജ്, ദൈവത്തിന്റെ ദാനമായ പുതിയ ഇമേജ് ഇത്ര ഉന്നതമായിട്ടും അതു വഹിക്കുന്നവന് പഴയ കലക്കമോ, മത്സരമോ, നഷ്ടഭയമോ, ശത്രുസംഹാരതാണ്ഡവമോ ഇല്ലാതിരിക്കുന്നത് എന്തുകൊണ്ടാണ്? പഴയ ഇമേജ് നമ്മുടെ ഭാവനാസൃഷ്ടിയാണെങ്കിൽ പുതിയ ഇമേജ് ദൈവസൃഷ്ടിയാണ്. അതുകൊണ്ടുതന്നെ ഒരു മഴയത്ത് ഇടിഞ്ഞുവീഴുന്ന മൺഭിത്തിയല്ലിത്. ദൈവികദാനമായതുകൊണ്ട് മറ്റൊരാളുടേതുമായി താരതമ്യവുമില്ല. അതുകൊണ്ടുതന്നെ അസൂയ ഏഴയൽപ്പക്കത്തുപോലുമില്ല.

ശൗൽരാജാവ് മനുഷ്യസൃഷ്ടിയായ ഇമേജിന് ഒരു ഉത്തമോദാഹരണമാണ്. ദുരന്തനായകന്മാരിൽ പലരുടെയും എന്നപോലെ ശൗലിന്റെയും തുടക്കം ഏറെ നന്നായിരുന്നു. ഇമേജിന്റെ ഒരു കനത്ത ചുമട് അപ്പോൾ നാം ശൗലിന്റെ ശിരസ്സിൽ കാണുന്നില്ല. ശമൂവേൽ ശൗലിനോട് ദൈവിക നിയോഗം അറിയിച്ചപ്പോൾ ശൗലിന്റെ മറുപടിയിൽ അതാണു കാണുന്നത്: “അതിനു ശൗൽ: ഞാൻ ഇസ്രായേൽ ഗോത്രങ്ങളിൽ ഏറ്റവും ചെറുതായ ബെന്യാമിൻ ഗോത്രത്തിലുള്ളവനും എന്റെ കുടുംബം ബെന്യാമിൻ ഗോത്രത്തിലെ സകല കുടുംബങ്ങളിലും വച്ച് ഏറ്റവും ചെറുതുമായിരിക്കെ നീ ഇങ്ങനെ എന്നോടു പറയുന്നത് എന്ത്” (1 ശമൂവേൽ 9:21).

കാലം മുന്നോട്ടു കയറിക്കഴിഞ്ഞപ്പോഴേക്കും കാര്യങ്ങൾ തകി

5

# സാത്താന്റെ രാസായുധം

ടംമറിഞ്ഞു. ഇമേജിന്റെ ചിതലുകൾ ശൗലിന്റെ ആത്മീയകാതലിനെത്തന്നെ തിന്നാൻ തുടങ്ങി. അകത്തെ തകർച്ച ശൗൽ തിരിച്ചറിയുന്നുണ്ടായിരുന്നോ എന്നത് അവ്യക്തമാണ്. പക്ഷേ, അതിനെ പുറത്തുകാണിക്കാൻ ദൈവത്തിനു വലിയ പണിപ്പാടൊന്നുമില്ലായിരുന്നു. ഒരു സാധുബാലൻ – ദാവീദ്, ചിതലുകയറി ഏതാണ്ടൊക്കെ തിന്നുതീർത്ത ആ മഹാവൃക്ഷത്തെ തള്ളിയിട്ടു.

ഗൊല്യാത്തുമായുള്ള യുദ്ധവും ദാവീദിന്റെ വിജയവുമാണു തുടക്കം. യിസ്രായേൽസ്ത്രീകൾ പാടിയ പാട്ടിലെ ഒരു കണക്കിൽ യിസ്രായേലിന്റെ നെടുനായകൻ തറയോളം താണുപോയി. "ശൗൽ ആയിരത്തെ കൊന്നു; ദാവീദോ പതിനായിരത്തെ എന്ന വരികേട്ടപ്പോൾ ശൗൽ ഏറ്റവും കോപിച്ചു" (18:6-8). ശൗൽ തളർന്നു. തന്റെ ഇമേജ് തകർന്നടിഞ്ഞു കിടക്കുന്നതിനിടയിൽ കിടന്ന് ശൗൽ ഒരു വിഷാദഗാനം പാടി: 'അവർ ദാവീദിനു പതിനായിരം കൊടുത്തു; എനിക്ക് ആയിരമേ തന്നുള്ളൂ'. എത്ര ലജ്ജാകരം! ദൈവത്തിന്റെ അഭിഷക്തനും യിസ്രായേലിന്റെ മഹത്ത്വവുമായവൻ ഭിക്ഷപ്പാത്രമെടുത്ത് യാചിക്കുകയാണ്: 'അമ്മാ, എന്റെ ഇമേജിന്റെ പാത്രത്തിൽ എന്തെങ്കിലും ഇട്ടിട്ടുപോകണേ. ഒരു ഒൻപതിനായിരത്തിന്റെ കുറവുണ്ടേ'! ശൗലിന്റെ പാത്രത്തിൽ കരുണതോന്നി ആരെങ്കിലും ഒരു ഒൻപതിനായിരം ഇട്ടെങ്കിൽ തന്നെ അതൊരിക്കലും നിറയുകയില്ലെന്നതു മറ്റൊരു സത്യം.

അകത്തെ ഭ്രാന്ത് ശൗലിനിപ്പോൾ പുറത്തുമായി. കൈയിൽ കുന്തവും വായിൽ പുലമ്പലുമായി അരമനയ്ക്കകത്ത് ഉറഞ്ഞുതുള്ളുന്ന ശൗൽ എല്ലാക്കാലത്തിനും ഒരടയാളമാണ്. സ്റ്റേജിൽ ഒരു കസേരയ്ക്കുവേണ്ടി, ഫോട്ടോ ഒന്ന് പ്രസിദ്ധീകരിച്ചുകിട്ടാൻ സ്ഥാനമാനങ്ങൾക്കും അംഗീകാരങ്ങൾക്കും വേണ്ടി നെട്ടോട്ടമോടുമ്പോൾ ഓടുന്നവനറിയുന്നുണ്ടോ ശൗൽ നമ്മിൽ നിറയുകയാണെന്ന്!

**ഒടുവിൽ**

സക്കറിയ റ്റെനി ഫോമം. പ്രാർത്ഥനാനിരതനായിരുന്ന ഒരു ഭക്തശിരോമണി. എറണാകുളം ടൗൺഹാളിൽ 2002ൽ ഒരു പ്രാർത്ഥനാസെമിനാർ നടക്കുന്നു. അദ്ദേഹമാണു മുഖ്യപ്രസംഗകൻ. യോഗം ആരംഭിച്ചതിനുശേഷമാണ് അദ്ദേഹം അന്നു യോഗസ്ഥലത്ത് എത്തിയത്. സംഘാടകരിൽ ഒരാൾ ഫോമിനെ സ്റ്റേജിൽ കൊണ്ടുപോയി ഇരുത്താനുള്ള ദൗത്യം എന്നെ ഏല്പിച്ചു.

ഹാളിൽ തിങ്ങിനിറഞ്ഞ് ജനങ്ങൾ. അവർക്കു നടുവിലൂടെ സ്റ്റേജിലേക്കു കയറാനുള്ള നടപ്പാത. പതിവുപോലെ ഞാൻ അദ്ദേഹവുമായി ഹാളിനു നടുവിലുള്ള നടപ്പാതയിലൂടെ സ്റ്റേജിലേക്കു നടക്കാൻ ആരംഭിച്ചതും പെട്ടെന്ന് ഫോമം നിന്നു. എന്നോടു പറഞ്ഞു: "നാം ഇതിലൂടെ പോയാൽ ആളുകളുടെ ശ്രദ്ധ എന്നിലേക്കു തിരിയും". ഞങ്ങളിറങ്ങി ഹാളിനു പുറത്തുള്ള വരാന്തയിലൂടെ നടന്നു സ്റ്റേജിൽ കയറി!